LIBRARY ARCHIVES Kerala Legislative Assembly

(എ-സി) ഭാരത്മാല പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മലപ്പുറം-മൈസൂർ പാതയുടെ അന്തിമ അലൈൻമെന്റ് ദേശീയപാത അതോറിറ്റി ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. അലൈൻമെന്റ് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പൊതുമരാമത്ത് വകുപ്പിൽനിന്ന് ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടില്ല.

റോഡുകളുടെ അറ്റകുറ്റപ്പണി

38 (787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ കനത്ത മഴയിലും കടൽക്ഷോഭത്തിലും എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുകൾ തകർന്നിട്ടുണ്ട്?

ഈ വർഷമുണ്ടായ കനത്ത മഴയിലും കടൽക്ഷോഭത്തിലും നിരത്ത് വിഭാഗത്തിനുകീഴിലുള്ള 246 കി.മീ റോഡുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ഇത്തരത്തിൽ തകർന്ന റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ചവറ മണ്ഡലത്തിലെ റോഡ് നിർമ്മാണം

39 (788) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത എത്ര പി.ഡബ്ല്യു.ഡി. റോഡുകളുണ്ടെന്നറിയിക്കുമോ; ഓരോ റോഡിനും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്താമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

40 (789) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ പേര് വിവരം അറിയിക്കാമോ ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.